**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 701** **11-06-2024 - ൽ മറുപടിയ്ക്ക്**

**ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് സൗജന്യ വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ള വൈദ്യുത ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നല്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായി 500 വാട്സ് വരെ കണക്റ്റഡ് ലോഡുള്ളതും പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗവുമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സർക്കാർ സബ്സിഡിയോടു കൂടി സൗജന്യമായും 1000 വാട്ട് വരെ കണക്റ്റഡ് ലോഡുള്ളതും 50 യൂണിറ്റ് വരെ മാത്രം പ്രതിമാസ ഉപഭോഗം ഉള്ളതുമായ ബി പി എൽ വിഭാഗത്തിൽപ്പെട്ട ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് ഒരു രൂപ 50 പൈസ എന്ന കുറഞ്ഞ നിരക്കിലും വൈദ്യുതി നൽകി വരുന്നു. ഇത് കൂടാതെ 1000 വാട്ട് കണക്ടഡ് ലോഡിൽ കുറവുള്ളതും 40 യൂണിറ്റ് വരെ പ്രതിമാസ ഉപഭോഗം ഉള്ളതുമായ BPL ഉപഭോക്താക്കളിൽ നിന്നും ഫിക്സഡ് ചാർജ്ജ് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട് .<br><br>1000 വാട്ട് വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യ മായി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വന്നിരുന്നു. ലൈൻ വലിച്ചു കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നതു കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ചു നൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31.03.2022 ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം സൗജന്യ വൈദ്യുതി നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ബി) | ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായി 500 വാട്സ് വരെ കണക്റ്റഡ് ലോഡുള്ളതും പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗവുമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സർക്കാർ സബ്സിഡിയോടു കൂടി സൗജന്യമായും 1000 വാട്ട് വരെ കണക്റ്റഡ് ലോഡുള്ളതും 50 യൂണിറ്റ് |

| | | | |
|---|---|---|---|
| | | | വരെ മാത്രം പ്രതിമാസ ഉപഭോഗം ഉള്ളതുമായ ബി പി എൽ വിഭാഗത്തിൽപ്പെട്ട ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് ഒരു രൂപ 50 പൈസ എന്ന കുറഞ്ഞ നിരക്കിലും വൈദ്യുതി നൽകി വരുന്നു. ഇത് കൂടാതെ 1000 വാട്ട് കണക്ടഡ് ലോഡിൽ കുറവുള്ളതും 40 യൂണിറ്റ് വരെ പ്രതിമാസ ഉപഭോഗം ഉള്ളതുമായ BPL ഉപഭോക്താക്കളിൽ നിന്നും ഫിക്സഡ് ചാർജ്ജ് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട് .<br><br>1000 വാട്ട് വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യ മായി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വന്നിരുന്നു. ലൈൻ വലിച്ചു കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നതു കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ചു നൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31.03.2022 ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. |
| (സി) | ഈയിനത്തിൽ ബോർഡിന് പ്രതിമാസം വരുന്ന ചെലവ് എത്രയാണ്; ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് സൗജന്യ വൈദ്യുതി നൽകുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങളോ കേസ്സുകളോ നിലവിലുണ്ടോ; വിശദമാക്കുമോ? | (സി) | സൗജന്യ വൈദ്യുതി നൽകുന്ന ഇനത്തിൽ പ്രതിമാസം ശരാശരി 4,75,295/-രൂപയും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്ന ഇനത്തിൽ പ്രതിമാസം ശരാശരി 2 കോടി രൂപയും ബോർഡിന് ചിലവ് ആകുന്നു .<br><br>ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് മഞ്ചേരി ഇലക്ട്രിക്കൽ സർക്കിളിനു കീഴിൽ വള്ളുവമ്പ്രം, മഞ്ചേരി സൗത്ത്, കാരാട്, കീഴുപറമ്പ് ഇലക്ട്രിക്കൽ സെക്ഷനുകളിൽ 5 അപേക്ഷകളിൽ ലൈൻ വലിക്കുന്നതിൽ സമീപ ഭൂഉടമ സമ്മതം നിഷേധിച്ചിട്ടുണ്ട്. ഇത് കൂടാതെ തൊടുപുഴ ഇലക്ട്രിക്കൽ സർക്കിളിനു കീഴിൽ പീരുമേട് ഇലക്ട്രിക്കൽ സെക്ഷനിലും വണ്ടിപ്പെരിയാർ ഇലക്ട്രിക്കൽ സെക്ഷനിലും 2 അപേക്ഷകൾ തർക്കത്തെ തുടർന്ന് അഡിഷണൽ ഡിസ്ട്രിക്ട് മജിസ്‌ട്രേറ്റിന്റെ പരിഗണനയിലാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ വൈദ്യുതിയോ വൈദ്യുതി കണക്ഷനോ നൽകുന്നതുമായി ബന്ധപ്പെട്ട് മറ്റ് തർക്കങ്ങൾ ഒന്നും കെ. എസ്. ഇ. ബി എൽ- ൽ നിലവിലില്ല |

സെക്ഷൻ ഓഫീസർ